# NATIONAL BULLETIN

DATE: 17.09.2026 TIME : 07.25 AM

## പ്രധാന വാർത്തകൾ

1. 'സെമികോൺ ഇന്ത്യ 2026' പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഉദ്ഘാടനം ചെയ്യും; രാജ്യത്തിൻറെ സാങ്കേതിക ഭാവി രൂപപ്പെടുത്തുന്നതിൽ സർക്കാരും സെമികണ്ടക്ടർ വ്യവസായവും തമ്മിൽ സഹകരണം അനിവാര്യമെന്ന് പ്രധാനമന്ത്രി

   Prime Minister Narendra Modi to inaugurate 'Semicon India 2026' today; PM Modi calls for close collaboration between Government and semiconductor industry in shaping country's technology future

2. പൊതുസേവന രംഗത്ത് പ്രധാനമന്ത്രി നരേന്ദ്ര മോദി 25 വർഷം പൂർത്തിയാക്കുന്നതിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന 'സേവാ സങ്കൽപ് അഭിയാന്' ഇന്ന് തുടക്കം

   The 'Seva Sankalp Abhiyan' organized to mark Prime Minister Narendra Modi completing 25 years in public service, begins today.

3. ഇന്ന് വിശ്വകർമ്മ ജയന്തി; 18 പരമ്പരാഗത മേഖലകളിലായി 30 ലക്ഷത്തിലധികം പേർക്ക് സാമ്പത്തിക സഹായം ഉറപ്പാക്കിയ പിഎം വിശ്വകർമ പദ്ധതി ഇന്ന് മൂന്ന് വർഷം പൂർത്തിയാക്കുന്നു

**Today is Vishwakarma Jayanti; the PM Vishwakarma scheme, which has ensured financial assistance to over 30 lakh people across 18 sectors, completes three years today.**

4. **സമുദ്രമേഖലയിലെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് പുത്തനുണർവ് നൽകുന്നതാകും 'മിഷൻ സമുദ്ര'യെന്ന് മുഖ്യമന്ത്രി വി. ഡി. സതീശൻ.**

**Chief Minister V.D. Satheesan states that 'Mission Samudra' will revitalize the state's economic growth by maximizing the potential of the maritime sector.**

5. **നിർമിതബുദ്ധി ഉയർത്തുന്ന വെല്ലുവിളികൾ നേരിടാൻ രാജ്യങ്ങളും പ്രമുഖ സാങ്കേതികവിദ്യാ കമ്പനികളും സഹകരിച്ച് പ്രവർത്തിക്കണമെന്ന് UN സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ്.**

**UN Secretary-General António Guterres calls for cooperation between nations and leading technology companies to address the challenges posed by artificial intelligence.**

6. **ഇന്ത്യ–അഫ്ഗാനിസ്ഥാൻ ടി20 ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരം ഇന്ന് ന്യൂഡൽഹിയിൽ.**

**SACAIndia-Afghanistan T20 Series: Final Match to Be Played in New Delhi Today**

❁❁❁❁❁❁❁❁❁❁❁❁❁

**PM-SEMICON INDIA (INTRO)**

ആഗോള സെമി കണ്ടക്ടർ മേളയായ 'സെമികോൺ ഇന്ത്യ 2026' പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിലെ യശോഭൂമിയിൽ ഉദ്ഘാടനം ചെയ്യും. സിലിക്കൺ ടു സിസ്റ്റംസ്: ബിൽഡിംഗ് ദി ഇക്കോസിസ്റ്റം' എന്ന പ്രമേയത്തിലാണ് മൂന്ന് ദിവസത്തെ സമ്മേളനവും പ്രദർശനവും സംഘടിപ്പിച്ചിരിക്കുന്നത്.

***വിശദാംശങ്ങളിലേക്ക് .....***

***(വോയിസ്)***

**PM-SEMICON INDIA (VOICE)**

ഇന്ത്യയുടെ സാങ്കേതിക ഭാവി ശക്തിപ്പെടുത്തുന്നതിന് സർക്കാരും സെമികണ്ടക്ടർ വ്യവസായവും തമ്മിലുള്ള സഹകരണം മെച്ചപ്പെടുത്തേണ്ടത് അനിവാര്യമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ന്യൂഡൽഹിയിൽ പ്രമുഖ സി.ഇ.ഒമാരുമായി നടന്ന സെമികണ്ടക്ടർ റൗണ്ട് ടേബിൾ യോഗത്തിൽ അധ്യക്ഷത വഹിക്കുകയായിരുന്നു അദ്ദേഹം. ഇന്ത്യയുടെ സാങ്കേതിക ശേഷിയും അടിസ്ഥാന സൗകര്യങ്ങളും കൂടുതൽ ഉയരങ്ങളിലെത്തിക്കുന്നതിന് നിർമിതബുദ്ധി, ക്വാണ്ടം കമ്പ്യൂട്ടിങ് തുടങ്ങിയ നൂതന സാങ്കേതികവിദ്യകളിൽ വ്യവസായ പങ്കാളിത്തം ശക്തിപ്പെടുത്തണമെന്നും പ്രധാനമന്ത്രി ആഹ്വാനം ചെയ്തു.

***ന്യൂസ് ഡസ്ക് ആകാശവാണി....***

## PM-CEO

ഇന്ത്യയുടെ സാങ്കേതിക ഭാവി രൂപപ്പെടുത്തുന്നതിൽ സർക്കാരും സെമികണ്ടക്ടർ വ്യവസായവും തമ്മിൽ സഹകരണം അനിവാര്യമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ന്യൂഡൽഹിയിൽ പ്രമുഖ കമ്പനികളുടെ സിഇഒമാരുമായി നടന്ന സെമികണ്ടക്ടർ റൗണ്ട് ടേബിളിൽ അധ്യക്ഷത വഹിക്കുകയായിരുന്നു അദ്ദേഹം. ഇന്ത്യയുടെ കഴിവുകളും അടിസ്ഥാന സൗകര്യവും കൂടുതൽ ഉയരങ്ങളിൽ എത്തിയ്ക്കാൻ എഐ, ക്വാണ്ടം കമ്പ്യൂട്ടിംഗ് പോലുള്ള സാങ്കേതികവിദ്യകളിലെ വ്യവസായ പങ്കാളിത്തത്തിനും പ്രധാനമന്ത്രി ആഹ്വാനം ചെയ്തു.

## SEWA SANKALAP

പ്രധാനമന്ത്രി നരേന്ദ്ര മോദി ഭരണനേതൃത്വത്തിൽ 25 വർഷം പൂർത്തിയാക്കുന്നതിൻറെ ഭാഗമായി രാജ്യമെമ്പാടും ഇന്ന് മുതൽ ഒരു മാസം നീളുന്ന സേവാ സങ്കൽപ് അഭിയാൻ സംഘടിപ്പിക്കും. കേന്ദ്രമന്ത്രിമാരും കേന്ദ്ര സർക്കാരിൻറെ പ്രധാന പദ്ധതികളുടെ 200 ഓളം ഗുണഭോക്താക്കളും ചേർന്ന് ഭദ്രദീപം തെളിയിക്കുന്നതോടെ പ്രചാരണത്തിന് തുടക്കമാകും. 'ജനസേവനത്തിലൂടെ രാഷ്ട്രസേവനം' എന്ന ആശയം മുൻനിർത്തി 2047-ഓടെ 'വികസിത ഭാരതം' എന്ന ലക്ഷ്യം കൈവരിക്കാനുള്ള

പരിശ്രമങ്ങൾ അനാവരണം ചെയ്യുന്നതാണ് സേവാ സങ്കൽപ്പ് അഭിയാൻ. ഇതിൻറെ ഭാഗമായി ഗുജറാത്തിലെ വഡ്നഗറിൽ നിന്ന് വാരാണസിയിലേക്കുള്ള ബൈക്ക് റാലി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായും ഗുജറാത്ത് മുഖ്യമന്ത്രി ഭൂപേന്ദ്ര പട്ടേലും ചേർന്ന് ഫ്ലാഗ് ഓഫ് ചെയ്യും. വാരാണസിയിൽ നിന്ന് വഡ്നഗറിലേക്ക് 'സേവാ യാത്ര' ആരംഭിക്കുന്ന 500 യുവ ബൈക്ക് യാത്രികരെ രാജ്യരക്ഷ മന്ത്രി രാജ്നാഥ് സിംഗും യു.പി മുഖ്യമന്ത്രി യോഗി ആദിത്യനാഥും ചേർന്ന് ആദരിക്കും. കേരളത്തിലും വിപുലമായ പരിപാടികൾ നടക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## PM -BIRTHDAY

പ്രധാന മന്ത്രി നരേന്ദ്രമോദിയുടെ 76-ാാം ജന്മദിനമായ ഇന്ന് ബി.ജെ.പി. രാജ്യവ്യാപകമായി ***സേവാ ദിവസ്*** ആയി ആചരിക്കും. ഇതിന്റെ ഭാഗമായി രാജ്യമെമ്പാടും വിവിധ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്

❁❁❁❁❁❁❁❁❁❁❁❁❁

## SWACHHATA HI SEVA

'സ്വച്ഛത ഹി സേവ' ക്യാമ്പയിൻ 2026-ന് തുടക്കമായി. കേന്ദ്ര ജലശക്തി മന്ത്രി സി.ആർ. പാട്ടീൽ, ജലശക്തി സഹമന്ത്രി വി. സോമണ്ണ, ഭവന-നഗരകാര്യ സഹമന്ത്രി തോഖൻ സാഹു എന്നിവർ ചേർന്നാണ് ക്യാമ്പയിന് തുടക്കം കുറിച്ചത്. ശുചിത്വത്തിനായി ജനപങ്കാളിത്തം; സ്വച്ഛ് ഭാരതം; വികസിത

ഭാരതം എന്നതാണ് ഈ വർഷത്തെ പ്രമേയം. ഈ വർഷത്തെ 'സ്വച്ഛത ഹി സേവ' ക്യാമ്പയിൻ അഞ്ച് പ്രധാന ഘടകങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണെന്ന് കേന്ദ്രമന്ത്രി പാട്ടീൽ പറഞ്ഞു. ശുചിത്വ ലക്ഷ്യ യൂണിറ്റുകളുടെയും പൊതുസ്ഥലങ്ങളുടെയും പരിവർത്തനം, 'സ്വച്ഛ്' പാഠശാല: ശുചിത്വത്തിനായി യുവജനങ്ങൾ, ശുചിത്വ തൊഴിലാളികളുടെ സുരക്ഷയും ആദരവും, ശുചിത്വത്തിനായി ജനപങ്കാളിത്തം, ശുചിത്വത്തിലൂടെ സമൃദ്ധി എന്നിവയാണ് അഞ്ച് ഘടകങ്ങൾ.

## CABINET - EPFO

എംപ്ലോയീസ് പ്രോവിഡൻറ് ഫണ്ട് പദ്ധതിക്കായുള്ള തൊഴിലാളികളുടെ പ്രതിമാസ വേതനപരിധി 15,000 രൂപയിൽ നിന്ന് 25,000 രൂപയായി ഉയർത്താൻ കേന്ദ്ര മന്ത്രിസഭാ യോഗ തീരുമാനം. ഇതിലൂടെ 51 ലക്ഷത്തിലധികം ജീവനക്കാർ കൂടി EPFO പരിരക്ഷയുടെ പരിധിയിൽ വരുമെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു.

## PM VISWAKARMA

ഇന്ന് വിശ്വകർമ്മ ജയന്തി. കരകൗശല വിദഗ്ധർക്ക് പിന്തുണ നൽകുന്നതിനായി കേന്ദ്ര സർക്കാർ ആരംഭിച്ച പിഎം വിശ്വകർമ പദ്ധതി ഇന്ന് മൂന്ന് വർഷം പൂർത്തിയാക്കും. 2027-28 കാലയളവ് വരെ 13,000 കോടി രൂപ ചെലവിൽ നടപ്പാക്കുന്ന പദ്ധതിയിലൂടെ 18 പരമ്പരാഗത മേഖലകളിലായി 30

ലക്ഷത്തിലധികം പേർക്കാണ് സഹായം നൽകി വരുന്നത്. വിശ്വകർമ സർവീസ് സൊസൈറ്റി സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ സംസ്ഥാനത്ത് വിപുലമായ പരിപാടികൾ സംഘടിപ്പിക്കും.

## UN-CHIEF-AI

നിർമിതബുദ്ധി ഉയർത്തുന്ന വെല്ലുവിളികൾ നേരിടാൻ രാജ്യങ്ങളും പ്രമുഖ സാങ്കേതികവിദ്യാ കമ്പനികളും സഹകരിച്ച് പ്രവർത്തിക്കണമെന്ന് ഐക്യരാഷ്ട്രസഭ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ്. നിർമിതബുദ്ധി ഉയർത്തുന്ന ഭീഷണികളിൽ നിന്ന് ജനങ്ങളെ സംരക്ഷിക്കേണ്ടത് സർക്കാരുകളുടെ പ്രാഥമിക കർത്തവ്യമാണെന്ന് ഗുട്ടെറസ് വ്യക്തമാക്കി. 'ആന്ത്രോപിക്' സി.ഇ.ഒ ഡാരിയോ അമോഡി, ഓപ്പൺഎഐ സി.ഇ.ഒ സാം ആൾട്ട്മാൻ, സ്പേസ്എക്സ് മേധാവി ഇലോൺ മസ്ക് എന്നിവരുൾപ്പെടെയുള്ള പ്രമുഖർ AI വികസനത്തിന്റെ വേഗത കുറയ്ക്കണമെന്ന നിലപാട് അടുത്തിടെ സ്വീകരിച്ചിരുന്നു.

## INDIA-PAK MEA

അനധികൃതമായി കൈവശം വെച്ചിരിക്കുന്ന ഇന്ത്യൻ പ്രദേശങ്ങളെ സംബന്ധിച്ചുള്ള കരാറുകളിൽ ഏർപ്പെടാൻ പാകിസ്ഥാന് നിയമപരമായി യാതൊരുവിധ അവകാശവുമില്ലെന്ന് ഇന്ത്യ. ഇതുമായി ബന്ധപ്പെട്ട

പാകിസ്ഥാൻ-ചൈന അതിർത്തി സംയുക്ത കമ്മീഷനെയും ഇന്ത്യ തള്ളി. പാകിസ്ഥാനും ചൈനയും തമ്മിൽ അതിർത്തി പങ്കിടുന്നില്ലെന്നും വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ വ്യക്തമാക്കി.

## GOVERNMENT RECONSTITUTES CBFC

സെൻട്രൽ ബോർഡ് ഓഫ് ഫിലിം സർട്ടിഫിക്കേഷൻ പുനഃസംഘടിപ്പിച്ച് കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയം. പ്രമുഖ സംവിധായകൻ പ്രിയദർശൻ ഉൾപ്പെടെ 18 അംഗങ്ങളാണ് സമിതിയിലുള്ളത്.

## ANANT NAG- PHALKE AWARD

2024 ലെ ദാദാ സാഹിബ് ഫാൽക്കെ അവാർഡ് കന്നഡ നടൻ അനന്ത് നാഗിന് സമ്മാനിക്കും. ഗുജറാത്തിലെ കെവാഡിയയിൽ ഈ മാസം 22ന് നടക്കുന്ന ചടങ്ങിൽ പുരസ്ക്കാരം സമ്മാനിക്കും.

## RAJNATHSING -KOCHI (INTRO)

രാജ്യരക്ഷാ മന്ത്രി രാജ് നാഥ് സിംഗ് നാളെ കൊച്ചിയിലെത്തും. ജന്മഭൂമി സംഘടിപ്പിക്കുന്ന ത്രിദിന ദേശീയ കോൺക്ലേവ് ഉദ്ഘാടനം ചെയ്യുന്നതിനായാണ് അദ്ദേഹം എത്തുന്നത്.

കേന്ദ്രമന്ത്രിയുടെ സന്ദർശനത്തോടനുബന്ധിച്ച് നാളെ കൊച്ചി നഗരത്തിൽ ഗതാഗത നിയന്ത്രണമുണ്ടാകും.

***വിശദാംശങ്ങളിലേക്ക്....***

***(വോയിസ്)***

❁❁❁❁❁❁❁❁❁❁❁❁❁

**RAJNATHSING -KOCHI (VOICE)**

നാളെ ഉച്ചയ്ക്ക് 1: 30നാണ്, രാജ്യരക്ഷാമന്ത്രി 'വൺ എപിക്, മെനി സ്റ്റോറീസ്: രാമകഥ എക്രോസ് ഭാരത് ആൻഡ് ബിയോണ്ട് ത്രിദിന ദേശീയ കോൺക്ലേവിൻറെ ഉദ്ഘാടനം നിർവഹിക്കുക. ശനിയാഴ്ച കേന്ദ്ര നിയമ മന്ത്രി അർജുൻ റാം മേഘ്വാൾ കോൺക്ലേവിന്റെ ഭാഗമാകും. മൂന്നു ദിവസങ്ങളിലെ 11 സെഷനുകളിലായി പല വിഷയങ്ങളിൽ വിവിധ സർവകലാശാലകളിലെ വൈസ് ചാൻസലർമാരും വിദഗ്ധരും ഗവേഷകരും ചർച്ചകൾ നയിക്കും. രാജ്യരക്ഷാ മന്ത്രിയുടെ സന്ദർശനത്തോടനുബന്ധിച്ച് നാളെ കൊച്ചി നഗരത്തിൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

***ന്യൂസ് ഡസ്ക് ആകാശവാണി.....***

❁❁❁❁❁❁❁❁❁❁❁❁❁

**CM SATHEESAN**

ചരക്കുനീക്കം മുതൽ വിനോദസഞ്ചാരവും സമുദ്രോത്പന്ന കയറ്റുമതിയും വരെയുള്ള സമുദ്രസാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി സംസ്ഥാനത്തിന്റെ സാമ്പത്തിക

വളർച്ചയ്ക്ക് പുത്തനുണർവ് നൽകുന്നതാകും 'മിഷൻ സമുദ്ര'യെന്ന് മുഖ്യമന്ത്രി വി. ഡി. സതീശൻ. രണ്ടായിരം വർഷം മുമ്പ് കേരളത്തിനുണ്ടായിരുന്ന സമുദ്രവ്യാപാര പാരമ്പര്യത്തെ ആധുനിക സാധ്യതകളുമായി കൂട്ടിയിണക്കുകയാണ് പദ്ധതിയുടെ ലക്ഷ്യമെന്നും മുഖ്യമന്ത്രി പറഞ്ഞു. തിരുവനന്തപുരത്ത് നടക്കുന്ന 'റീഇമാജിനിങ് കേരളം' ത്രിദിന റൗണ്ട് ടേബിൾ കോൺഫറൻസിൽ നടന്ന ചർച്ചയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

❁❁❁❁❁❁❁❁❁❁❁❁❁

## CRICKET – IND VS AFG

ഇന്ത്യ- അഫ്ഗാനിസ്ഥാൻ ടി20 ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരം ഇന്ന്. ഡൽഹിയിലെ അരുൺ ജെയ്റ്റ്ലി സ്റ്റേഡിയത്തിൽ രാത്രി 7.30-നാണ് മത്സരം. ആദ്യ രണ്ട് മത്സരങ്ങളിലും വിജയം നേടി ഇന്ത്യ ഇതിനകം പരമ്പര സ്വന്തമാക്കിയിട്ടുണ്ട്.

❁❁❁❁❁❁❁❁❁❁❁❁❁

## ANTO AUGSTIN-ARREST

വയനാട്ടിലെ വീട്ടിൽ അനധികൃത അളവിൽ മദ്യം ശേഖരിച്ച കേസിൽ റിപ്പോർട്ടർ ചാനൽ മേധാവി ആൻ്റോ അഗസ്റ്റിൻ അറസ്റ്റിലായി. ചാനൽ ഓഫീസിൽനിന്ന് എക്സൈസ് സംഘമാണ് ഇദ്ദേഹത്തെ ഇന്ന് അതിരാവിലെ അറസ്റ്റ് ചെയ്തത്. തുടർന്ന്ആലുവ ജില്ലാ ആശുപത്രിയിലെ വൈദ്യ

പരിശോധനയ്ക്കുശേഷം ആൻ്റോയുമായി സംഘം വയനാട്ടിലേക്ക് പുറപ്പെട്ടു. മെസ്സിയുടെ സന്ദർശനവുമായി ബന്ധപ്പെട്ട തട്ടിപ്പ് കേസിൽ ഇന്നലെ അതിരാവിലെ മുതൽ പ്രത്യേക അന്വേഷണസംഘം റിപ്പോർട്ടർ ചാനൽ ഓഫീസിലും ആന്റോയുടെ ഫ്ലാറ്റിലും വയനാട്ടിലെ വീട്ടിലും ഉൾപ്പെടെ പരിശോധന നടത്തിയിരുന്നു.

**RAMESH CHENNITHALA**

മെസ്സിയുടെ സന്ദർശനവുമായി ബന്ധപ്പെട്ട തട്ടിപ്പ് കേസിൽ SIT നിയമവിരുദ്ധമായി ഒന്നും ചെയ്തിട്ടില്ലെന്ന് ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല. നടപടിക്രമം പാലിച്ചാണ് റെയ്ഡ് നടന്നത്. കഴിഞ്ഞ പത്ത് വർഷം മാധ്യമങ്ങൾക്കെതിരായ വേട്ടയാടൽ അടിയന്തരാവസ്ഥയ്ക്ക് തുല്യമായിരുന്നെന്ന് അദ്ദേഹം പറഞ്ഞു. റെയിഡിൽ നിയമവിരുദ്ധമായ എന്തെങ്കിലും ഉണ്ടെങ്കിൽ പരിശോധിച്ച് നടപടി എടുക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.